ഉത്തരം

(എ) പാലക്കാട് ജില്ലയിൽ 1985-86-ൽ ഏകദേശം 22,75,000 രൂപാ ചെലവായിട്ടുണ്ട്. അട്ടപ്പാടി പ്രദേശത്തെ കണക്കുകൾ പ്രത്യേകമായി സൂക്ഷിച്ചിട്ടില്ല.

(ബി) 1985-86-ൽ അട്ടപ്പാടിയിൽ ഉദ്ദേശം 16 ലക്ഷം തൈകൾ വിതരണം ചെയ്യുകയും സർക്കാർ വക ഭൂമിയിൽ 96,000 വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുകയും ചെയ്തു. മുൻ കാലങ്ങളിൽ നട്ടിട്ടുള്ള തൈകൾ ഉൾപ്പെടെയുള്ള പൂർണ്ണമായ കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

തിരുവനന്തപുരത്ത് ഒരു വെറ്ററിനറി കോളേജ്

56 [64] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരത്ത് ഒരു വെറ്ററിനറി കോളേജ് തുടങ്ങാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

തിരുവനന്തപുരത്ത് ഒരു വെറ്ററിനറി കോളേജ് സ്ഥാപിക്കുവാൻ ഇപ്പോൾ ഉദ്ദേശമില്ല.

ക്രെഡിറ്റ് സഹകരണ സംഘങ്ങൾ

57 [65] ശ്രീ. തച്ചടി പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ മൊത്തമുള്ള ക്രെഡിറ്റ് സഹകരണ സംഘങ്ങൾ എത്ര ;

(ബി) പ്രൈമറി അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റികളെത്ര ;

(സി) പ്രൈമറി ലാൻറ് ഡവലപ്പ്മെൻറ് ബാങ്കുകളെത്ര ;

(ഡി) പ്രൈമറി അർബൻ ബാങ്കുകളെത്ര ?

ഉത്തരം

(എ) 2926.

(ബി) 1570.

(സി) 37.

(ഡി) 71.

പടിഞ്ഞാറെ ചാലക്കുടിയിലുള്ള ആർ. 262-ാം നമ്പർ സർവ്വീസ് സഹകരണ സംഘം

58 [66] ശ്രീ. കെ. ജെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പടിഞ്ഞാറെ ചാലക്കുടിയിലുള്ള ആർ. 262-ാം നമ്പർ സർവ്വീസ് സഹകരണ സംഘത്തിൽ വലിയ അഴിമതി നടന്നതായി ഡിപ്പാർട്ടുമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly